**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 421** **21-03-2025 - ൽ മറുപടിയ്ക്ക്**

**സമന്വയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവരുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള സമന്വയം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിൽ വിജ്ഞാന തൊഴിലവസരങ്ങൾ ലഭ്യമാക്കി ഒരു ലക്ഷം ന്യൂനപക്ഷ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ന്യൂനപക്ഷ ക്ഷേമ വകുപ്പും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുമായി സഹകരിച്ച് 'സമന്വയം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ടി പദ്ധതിയുടെ, ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് തലത്തിലെ ഏകോപനത്തിനായി, വിവിധ ഉദ്യോഗസ്ഥരേയും ജില്ലകളിലെ നോഡൽ ഓഫീസർമാരായി ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>2024 സെപ്തംബർ 19 ന് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വയനാട് പുളിയാർമല കൃഷ്ണഗൗഡർ ഹാളിൽ വച്ച് നടത്തുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം, ഇടുക്കി, പത്തനംതിട്ട, മലപ്പുറം ജില്ലകളിലായി സംഘടിപ്പിക്കപ്പെട്ട 8 രജിസ്ട്രേഷൻ ക്യാമ്പുകളിലായി നാലായിരത്തിലധികം ഉദ്യോഗാർത്ഥികൾ പങ്കെടുത്ത് രജിസ്റ്റർചെയ്യുകയുണ്ടായി. ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരാണ് ജില്ലാതല പരിപാടികളുടെ കോ-ഓഡിനേറ്റർമാരായി പ്രവർത്തിക്കുന്നത്. ന്യൂനപക്ഷ സംഘടനാ പ്രതിനിധികൾ/മതനേതാക്കൾ എന്നിവരെ ഉൾപ്പെടുത്തി സംഘാടക സമിതി രൂപീകരിക്കുകയും |

| | | | |
|---|---|---|---|
| | | | അവരുടെ സംഘാടനത്തിൽ 'സമന്വയം' രജിസ്ട്രേഷൻ നടത്തുകയുമാണ് ചെയ്തുവരുന്നത്<br><br>ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ക്ലസ്റ്ററുകൾ രൂപീകരിച്ച്, കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകി രജിസ്ട്രേഷൻ ക്യാമ്പുകളും തൊഴിൽ ദാന ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെ / പ്രിൻസിപ്പൽമാരുടെ /മത സംഘടനാ നേതാക്കളുടെ ഒരു ക്ലസ്റ്റർ യോഗം ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17.01.2025ന് ചേരുകയുണ്ടായി . |
| (ബി) | പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് തുല്യനീതി ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | അഭ്യസ്ത വിദ്യരായ നിരവധി ആളുകളാണ് തൊഴിൽരഹിതരായി ഉള്ളത്. സമന്വയം പദ്ധതി മുഖേന നൈപുണ്യ കോഴ്സുകളിൽ പങ്കാളിയാവാനും പരിശീലനം ലഭിച്ച വിവിധ തൊഴിലുകളിൽ ഏർപ്പെടാനും സാധിക്കുന്നു. പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ഒരു ലക്ഷം വരുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരായ ആളുകൾക്ക് തൊഴിൽ ലഭിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തുല്യ നീതി നടപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻസ് പരിപാടികൾ, വിവിധ സ്കോളർഷിപ്പുകൾ, വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി, വിവാഹ പൂർവ്വ കൗൺസിലിംഗ് കൂടാതെ പി.എസ്.സി., യു.പി.എസ്.സി., ബാങ്കിംഗ് എന്നീ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി സൗജന്യ പരിശീലനം നൽകുന്നതിന് 24 യുവജനപരിശീലന കേന്ദ്രങ്ങളും 27 ഉപപരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. |
| (സി) | സമന്വയം പദ്ധതിയുടെ ഭാഗമായി ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനായി കേരളത്തിലെ വിവിധ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള ആദ്യ യോഗം കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം ആൻഡ് പ്രിയദർശിനി പ്ലാനറ്റേറിയം കോൺഫറൻസ് ഹാളിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി . പ്രസ്തുത യോഗത്തിൽ സമന്വയം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭിപ്രായ ശേഖരണം നടത്തിയിട്ടുണ്ട്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്ലസ്റ്റർ രൂപീകരണത്തിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ